# Desabhimani
# 30 July 2018
# Kochi : Flood, Idukki Dam, Edamalayar Dam

## ഇടുക്കി, ഇടമലയാർ: ആശങ്ക വേണ്ടെന്ന് കലക്ടർ

- ഇതുവരെ ആദ്യ മുന്നറിയിപ്പു മാത്രമേ ലഭിച്ചിട്ടുള്ളൂ
- മൂന്നാം മുന്നറിയിപ്പു കഴിഞ്ഞ് 24 മണിക്കൂറിനു ശേഷമേ ഷട്ടറുകൾ തുറക്കൂ

**കൊച്ചി**

ഇടുക്കി, ഇടമലയാർ അണക്കെട്ടുകളിലെ ജലനിരപ്പ് സംബന്ധിച്ച് ആശങ്ക വേണ്ടെന്നും എല്ലാ മുൻകരുതലും സ്വീകരിച്ചിട്ടുണ്ടെന്നും കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള അറിയിച്ചു. അണക്കെട്ട് തുറക്കുന്നതുസംബന്ധിച്ച് ഊഹാപോഹങ്ങൾ പരത്തരുത്. അണക്കെട്ടുകളുടെ ഷട്ടർ ഉയർത്തേണ്ടിവന്നാൽ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകും.

ഇതിനകം സ്വീകരിച്ച മുൻകരുതലുകൾ സംബന്ധിച്ച് വിശദീകരിക്കാൻ തിങ്കളാഴ്ച പകൽ മൂന്നിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത് കൂടുതൽ നടപടികൾ സ്വീകരിക്കും. മൂന്നു മുന്നറിയിപ്പുകൾ നൽകിയശേഷമേ അണക്കെട്ടുകൾ തുറക്കൂ. ഇതുവരെ ആദ്യ മുന്നറിയിപ്പു മാത്രമേ ലഭിച്ചിട്ടുള്ളൂ. മൂന്നാം മുന്നറിയിപ്പുകഴിഞ്ഞ് 24 മണിക്കൂറിനുശേഷമേ ഷട്ടറുകൾ തുറക്കൂ എന്നതിനാൽ ജനവാസകേന്ദ്രങ്ങളിൽനിന്നും ആളുകളെ ഒഴിപ്പിക്കാനും ആവശ്യമായ കരുതൽനടപടികൾക്കും സമയം ലഭിക്കും.

ഇടമലയാർ അണക്കെട്ടിൽ ജലനിരപ്പ് 165 മീറ്റർ കടന്നപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ഇത് 167 മീറ്ററാകുമ്പോൾ രണ്ടാം മുന്നറിയിപ്പും 169 ആകുമ്പോൾ മൂന്നാം മുന്നറിയിപ്പും നൽകും. ഇടുക്കിയിൽ 2390 അടി പിന്നിട്ടപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. 2395 അടിയാകുമ്പോൾ രണ്ടാമത്തെയും 2399 ആകുമ്പോൾ മൂന്നാമത്തെയും മുന്നറിയിപ്പ് നൽകും. തുടർന്ന് 24 മണിക്കൂറിനുശേഷമേ ഷട്ടറുകൾ തുറക്കൂവെന്നും കലക്ടർ അറിയിച്ചു.